പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3346

16.12.2015-ൽ മറുപടി നല്കേണ്ടിയിരുന്നത്

## കർഷക ആത്മഹത്യ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം. ചന്ദ്രൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ നടന്ന കർഷക ആത്മഹത്യകളുടെ യഥാർത്ഥ കാരണത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; | (എ) കേരളത്തിൽ നടന്ന കർഷക ആത്മഹത്യകളുടെ യഥാർത്ഥ കാരണത്തെക്കുറിച്ച് കൃഷി വകുപ്പ് പഠനം നടത്തിയിട്ടില്ല. എന്നാൽ 2011-ൽ വയനാട് ജില്ലയിൽ കർഷക ആത്മഹത്യ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ ജില്ലയിലെ കാർഷിക പ്രതിസന്ധിയെക്കുറിച്ച് പഠനം നടത്തിയിരുന്നു. |
| (ബി) കാർഷിക മേഖലയിലെ തകർച്ച, വിലയിടിവ്, ജലസേചന സൗകര്യക്കുറവ്, തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (ബി) ഉണ്ട്. കാർഷിക മേഖലയിലെ തകർച്ച, വിലയിടിവ്, ജലസേചന സൗകര്യക്കുറവ് തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ കൃഷി വകുപ്പ് നടപ്പാക്കി വരുന്നു. നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, സുഗന്ധ വിളകൾ എന്നിവയുടെ ഉല്പാദന വർദ്ധനവിനായി കർഷകർക്ക് ധനസഹായം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിന് പദ്ധതികൾ തുടങ്ങുന്ന കർഷകർക്ക് ധനസഹായം, കാർഷിക യന്ത്രവൽക്കരണത്തിനു ധനസഹായം, കാർഷിക ഉല്പന്നങ്ങളായ നെല്ല്, പച്ചത്തേങ്ങ, കൊപ്ര, പച്ചക്കറി എന്നിവയുടെ ന്യായവില സംഭരണം എന്നിവയോടൊപ്പം മണ്ണ് പരിപോഷണത്തിനായുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ജലസേചന സൗകര്യവർദ്ധനവിനായി പ്രധാനമന്ത്രി കൃഷി സിഞ്ചയ് യോജന, റെയിൻഫെഡ് ഏരിയ ഡെവലപ്പ്മെന്റ്, മൈക്രോ ഇറിഗേഷൻ എന്നീ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. കൂടാതെ കർഷക ക്ഷേമത്തിനായി കർഷക പെൻഷൻ പദ്ധതി, വിള ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിച്ച കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതി എന്നിവയും നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ